# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 22/05/ 2020

## മാസ്ക് ധരിക്കാത്തവർക്കെതിരെ പോലീസ് നടപടി തുടരുന്നു.

കൊല്ലം : കൊവിഡ്-19 വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ പൊതുസ്ഥലങ്ങളിൽ മാസ്ക് നിർബന്ധമാക്കിയതിനെത്തുടർന്ന് മാസ്ക് ധരിക്കാത്തവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പരിശോധന തുടരുന്നു. മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവർക്ക് ബോധവൽക്കരണം നടത്തുന്നതിനും സൗജന്യമായി മാസ്ക് നൽകുവാനും പോലീസ് നടപ്പാക്കിയ "ബാസ്ക് ഇൻ ദി മാസ്ക് " ക്യാമ്പയിനും തുടർന്ന് വരുന്നു. കൊല്ലം സിറ്റി പോലീസ് പരിധിയിൽ പോലീസ് പരിശോധനയിൽ പൊതുസ്ഥലത്ത് മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട് 71 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു.ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 23 കേസുകൾ രജിസ്റ്റർ ചെയ്ത് 25 പേരെ അറസ്റ്റ് ചെയ്തു. 9 വാഹനങ്ങൾ പിടിച്ചെടുത്തു. കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തതിന് 5 പേരെ അറസ്റ്റ് ചെയ്തു.നാട്ടിലേക്ക് മടങ്ങിപ്പോകുന്നതിനായി കഴിയുന്ന അതിഥി തൊഴിലാളികൾ പാർക്കുന്ന ക്യാമ്പുകളിൽ പോലീസ് ഉദ്യോഗസ്ഥരെത്തി നിർദേശങ്ങൾ നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു. പൊതുസ്ഥലങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും പൊതുജനങ്ങൾ കർശനമായും മാസ്ക് ധരിക്കേണ്ടതാണെന്നും നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശനനടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.